## 7.02.2017–ൽ കുറത്തിക്കുടിയിൽ വച്ച് നടന്ന "ഊരിൽ ഒരു ദിനം"പരിപാടിയുടെ മിനിറ്റ്സ്

07.02.2017–ൽ 11.30–ന് കുറത്തിക്കുടിയിൽ വച്ച്, കുടുംബശ്രീ ഇടുക്കി ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി ബഹു. ദേവികുളം സബ്കളക്ടർ ശ്രീ. വി.ശ്രീറാം ഐ.എ.എസ്–ന്റെ നേതൃത്വത്തിൽ "ഊരിൽ ഒരു ദിനം" പരിപാടി നടത്തപ്പെടുകയുണ്ടായി. പരമ്പരാഗത രീതിയിലുള്ള ഗാനത്തോടെ യോഗനടപടികൾ ആരംഭിച്ചു.

പങ്കെടുത്തവർ

| | | | |
|---|---|---|---|
| 1. | ശ്രീ. വി.ശ്രീറാം ഐ.എ.എസ് | – | ബഹു.ദേവികുളം സബ്കളക്ടർ |
| 2. | ശ്രീ. ഷൈൻ എം.സിറിയക് | – | ജില്ലാമിഷൻ കോ–ഓർഡിനേറ്റർ കുടുംബശ്രീ ഇടുക്കി |
| 3. | ശ്രീ. ഷാജി പി.എ | – | തഹസിൽദാർ, ദേവികുളം |
| 4. | ശ്രീ. എം.വി.കുഞ്ഞിക്കണ്ണൻ | – | ലീഡ്ബാങ്ക് മാനേജർ |
| 5. | ശ്രീമതി.പ്രീത കെ.മേനോൻ | – | ചീഫ് മാനേജർ, ഐ.ഡി.സി.ബി ഇടുക്കി |
| 6. | ശ്രീ. ജിജോ.എം | – | ഡപ്യൂട്ടി തഹൽസീദാർ |
| 7. | ശ്രീ. ബാബു ജോസഫ് | – | ഡി.എഫ്.ഒ അടിമാലി റെയ്ഞ്ച് |
| 8. | ശ്രീ. ജി.അനിൽകുമാർ | – | റ്റി.ഡി.ഒ അടിമാലി |
| 9. | ശ്രീ. സണ്ണി കെ.എം | – | ജൂനിയർ സൂപ്രണ്ട്, ഡി.ഡി.ഇ ഇടുക്കി |
| 10. | ശ്രീ. ജയൻ സ്കറിയ | – | സബ്.എഞ്ചിനിയർ, കെ.എസ്.ഇ.ബി ചിത്തിരപുരം |
| 11. | ശ്രീ. കെ.ടി.ത്രിപുടി ജയൻ | – | എ.ഇ. കെ.എസ്.ഇ.ബി ചിത്തിരപുരം |
| 12. | ശ്രീ. റെജി.കെ.എം | – | മാനേജർ, ഐ.ഡി.സി.ബി, മാങ്കുളം ബ്രാഞ്ച് |
| 13. | ശ്രീ.രാധാകൃഷ്ണൻ സി.ഡി | – | റ്റി.ഇ.ഒ അടിമാല |
| 14. | ശ്രീ.ബിജു ജോസഫ് | – | പ്രോഗ്രാം സപ്പോർട്ട് എക്സിക്യുട്ടീവ് (കുടുംബശ്രീ) |
| 12. | ശ്രീമതി. സതി കരിമ്പൻ | – | സി.ഡി.എസ് ചെയർപേഴ്സൺ (അടിമാലി) |

സ്വാഗതം

ശ്രീ.ബിജു ജോസഫ്, പ്രോഗ്രാം സപ്പോർട്ട് എക്സിക്യൂട്ടീവ് (ട്രൈബൽ) കുടുംബശ്രീ ഇടുക്കി ബഹു.ദേവികുളം സബ്കളക്ടർക്കും, വകുപ്പ് മേധാവികൾക്കും, മറ്റ് ഉദ്യോഗസ്ഥർക്കും, കാണിമൂപ്പൻമാർ കൂടാതെ ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയ ഊരുനിവാസികൾക്കും സ്വാഗതം ആശംസിച്ചു.

<u>പദ്ധതിവിശദീകരണം – ശ്രീ. ഷൈൻ.എം.സിറിയക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,</u> – **"ഊരിൽ ഒരു ദിനം"** പരിപാടിയുടെ ഉദ്ദ്യേശ ലക്ഷ്യങ്ങളെപറ്റിയും പ്രാധാന്യത്തെപറ്റിയും തുടർന്ന് നടത്തേണ്ട കാര്യങ്ങളെപറ്റിയും വിശദീകരിച്ചു.

**<u>ഉദ്ഘാടനം</u>** – "ഊരിൽ ഒരു ദിനം" പരിപാടിയുടെ ഉദ്ഘാടനം ബഹു.ദേവികുളം സബ്കളക്ടർ ശ്രീ.വി.ശ്രീറാം ഐ.എ.എസ് ഔദ്യോഗികമായി നിർവ്വഹിക്കുകയുണ്ടായി. പരാതികൾ ഓരോന്നായി പരിശോധിക്കുകയും വകുപ്പ്തല മേധാവികളുമായി ആശയ വിനിമയം നടത്തി പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു.

<u>പൊതു ആവശ്യങ്ങളും വ്യക്തിപരമായ ആവശ്യങ്ങളും ഉന്നയിച്ച് 26 പരാതികൾ ലഭിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ട പരാതികളും പരിഹാര നിർദ്ദേശങ്ങളും</u>

**<u>ചികിത്സാ സൗകര്യം</u>**

"ഊരിൽ ഒരു ദിനം" പരിപാടിയുമായി ബന്ധപ്പെട്ട് മുന്നൊരുക്കത്തിന്റെ ഭാഗമായി ജില്ലാമെഡിക്കൽ ഓഫീസറെ ഒരാഴ്ച മുമ്പ് ഇ-മെയിൽ വഴിയായും നേരിട്ട് കത്ത് കൊടുക്കുകയും ഫോൺമുഖാന്തിരം അറിയിപ്പ് കൊടുത്തിരുന്നു എങ്കിലും പ്രതിനിധികൾ ആരും പങ്കെടുത്തില്ല. ഏറ്റവും അധികം പരാതികൾ ഉയർന്നതും ചികിത്സാ സഹായത്തിന്റെയും സാങ്കേതിക തടസത്തിനേയും പറ്റിയായിരുന്നു. 2 വർഷം മുമ്പ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഒരു കോൺക്രീറ്റ് കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ തുറന്നു കൊടുത്തിട്ടില്ല. വാലായ്മപുരയുടെ അപര്യാപ്തത മുതലായിട്ടുള്ള പരാതികൾ ഉണ്ടായി. മെഡിക്കൽ ആഫീസറുടെ വിശദീകരണം കേട്ടതിനുശേഷം രണ്ടാഴ്ചയിൽ ഒരിക്കൽ എങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളുമായി ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് ഉചിതമായ തീരുമാനം ഉണ്ടാകും.

ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് മൂന്ന് രോഗികൾക്ക് അടിയന്തിര സഹായമായി 1500 രൂപാ വീതം വിതരണം ചെയ്യുകയും തുടർന്ന് 13.02.2017-ൽ പ്രത്യേക ക്യാമ്പ് നടത്തി ചികിത്സാ സഹായത്തിന് അർഹരായവരെ കണ്ടെത്തുകയും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേക ക്യാമ്പ് നടത്തുകയും ഇതിൽ കുടുംബശ്രീ, ഡപ്യൂട്ടി തഹസിൽദാർ, മെഡിക്കൽ ഓഫീസർ, ഐ.റ്റി.ഡി.പി പ്രതിനിധികൾ മുതലായവർ പങ്കെടുക്കണമെന്നും തീരുമാനിച്ചു. പണിപൂർത്തീകരിച്ചിട്ടും തുറന്നു കൊടുക്കാത്ത കൊട്ടിടത്തിന്റെ നിജസ്ഥിതി ഒരാഴ്ചക്കുള്ളിൽ

ആരോഗ്യവകുപ്പിൽ നിന്നും വിശദീകരണം വാങ്ങുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

## വൈദ്യുതി

ചിത്തിരപുരം സബ്.ഡിവിഷന്റെ കീഴിൽ വരുന്ന പ്രദേശമായ കുറത്തിക്കുടിയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി മാർച്ച് 31 നകം വൈദ്യുതി എത്തിക്കുമെന്ന് വൈദ്യുതി വകുപ്പ് പ്രതിനിധികൾ അറിയിക്കുകയും 6 മാസത്തിനുള്ളിൽ കുടിയിലുള്ള എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചു.

## ബി.എസ്.എൻ.എൽ

പുതിയ ടവർ വളരെ ചെലവേറിയതിനാൽ ജില്ലാകളക്ടറുമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ എടുക്കുവാൻ തീരുമാനമായി

## ബാങ്കിംങ് സൗകര്യം

കുറത്തികുടിയിലെ ഭൂരിപക്ഷം വ്യക്തികളും തൊഴിലുറപ്പുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,ഇരുമ്പുപാലം ബ്രാഞ്ചിലാണ് അക്കൗണ്ട്. വളരെ ദൂരവും യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം വളരെ ബുദ്ധിമുട്ടാണ് ബാങ്ക് ഇടപാടുമായി ബന്ധപ്പെട്ട് ഊരുനിവാസികൾ നേരിടുന്നത്. ഇതിന് പരിഹാരമായി ബാങ്കിംങ് കറസ്പോണ്ടന്റ് എന്ന പദ്ധതിയിലൂടെ ഇവിടെ സേവനം ലഭ്യമാക്കുന്നതിന് എസ്.ബി.റ്റിയും, ഐ.ഡി.സി.ബിയുമായി ചർച്ചചെയ്ത് തീരുമാനം ഉണ്ടാകുകയും ആധാർ ലിംങ്കിംങ് ബാങ്ക് അക്കൗണ്ട് പുതുതായി ചേർക്കൽ മുതലായവയുമായി ബന്ധപ്പെട്ട് ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ഐ.ഡി.സി.ബിയും എസ്.ബി.റ്റിയും തീരുമാനമായി.

## അംഗൻവാടി

നിലവിൽ കാട്ടുകുടിയിലും, കുറത്തിക്കുടിയിലുമായി ഓരോ അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. താഴ്ഭാഗത്തുള്ള കുട്ടികൾക്കായി ഒരു അംഗൻവാടി വേണമെന്ന ആവശ്യമുയർന്നു. നിലവിലുള്ള 3–6 വയസ്സിനിടയിൽ പ്രായമുള്ള കുട്ടികളുടെ വിവിരശേഖരണം പ്രത്യേകം തയ്യാറാക്കിയ ഫോർമാറ്റിൽ ശേഖരിക്കുന്നതിന് അംഗൻവാടി സ്റ്റാഫിനേയും, ട്രൈബൽ പ്രമോട്ടറേയും ചുമതലപ്പെടുത്തി. ഇതിന് ശേഷം ആവശ്യമെങ്കിൽ പുതിയ അംഗൻവാടി അനുവദിക്കാമെന്നും തീരുമാനമുണ്ടായി.

**<u>സ്വയം തൊഴിൽ</u>**

പ്രധാനമായും മുളയും മുള ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് കുട്ട, മുറം, പനമ്പ് മുതലായവ നെയ്ത് ഉപജീവനം നടത്തിവരുന്നവരാണ് ഭൂരിപക്ഷം സ്ത്രീകളും. ബാംബു കോർപ്പറേഷൻ ഇവിടെനിന്നും ഉൽപന്നങ്ങൾ ശേഖരിച്ചിരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ബാംബു കോർപ്പറേഷൻ ഇവിടെ നിന്നും ഉൽപ്പനങ്ങൾ എടുക്കുന്നില്ല. ഗതാഗത അസൗകര്യമാണ് കാരണം പറയുന്നത്. ആയതിനാൽ സ്ത്രീകൾക്ക് നെയ്യുന്നതിന് ഒരു വർക്ക് ഷെഡും ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടിയും ഉണ്ടാകണമെന്നും പരാതി ഉയർന്നു. നിലവിൽ ഉപയോഗ പ്രദമായി കിടക്കുന്ന കെട്ടിടം മെയ്ന്റനൻസ് നടത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ മുളഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി വർക്ക് ഷെഡ് ഉപയോഗിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നിർദ്ദേശം ഉണ്ടായി.

**<u>വിദ്യാഭ്യാസം</u>**

നിലവിലുള്ള ഏകാദ്ധ്യാപക സ്കൂളിൽ നാലാംക്ലാസ്സ് വരെയാണ് സൗകര്യമുള്ളത് ആയതിനാൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. വരെയെങ്കിലും സൗകര്യമാക്കണമെന്ന ആവശ്യമുണ്ടായി. വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് ഊര് കൂട്ട തീരുമാന പ്രകാരം യു.പി വരെ ഉയർത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളും കളക്ടറുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകുമെന്നും ഊരുകൂട്ടം അടിയന്തിരമായി ചേർന്ന് പൊതു ആവശ്യങ്ങളിൽ തീരുമാനം എടുത്ത് നൽകണമെന്നും നിർദ്ദേശമുണ്ടായി.

**<u>റോഡ്</u>**

ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്ക പ്രദേശമാണ് കുറത്തികുടി. ഇരുമ്പുപാലം വഴിയും മാങ്കുളത്തുനിന്നും രണ്ട് വഴികളാണ് ഉള്ളത്. രണ്ട് വഴികളും പാറകളും കുഴികളുമായി ഗതാഗതയോഗ്യമല്ല. ആലുവ – മൂന്നാർ  പഴയ റോഡിന്റെ ഭാഗമായി വരുന്ന കുറത്തിക്കുടി ഭാഗത്ത്  തൽക്കാലത്തേക്ക് ഊരുകൂട്ട തീരുമാനം ലഭിച്ചാൽ വനം വകുപ്പും ഐ.റ്റി.ഡി.പിയും സംയുക്തമായി മക്ക്ഇട്ട്  തൽക്കാലത്തേക്ക് ജീപ്പ് ഓടുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്താമെന്നും അതുവഴിയുള്ള റോഡിന് വനം വകുപ്പിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണി ചെയ്യാമെന്നും തീരുമാനമായി.

**<u>ഉന്നത വിദ്യാഭ്യാസവും തൊഴിലും</u>**

10–ാം ക്ലാസ്സും അതിന് മുകളിൽ പഠിച്ചവരുമായ യുവജനങ്ങൾക്ക് തൊഴിൽ വേണമെന്നും ഉന്നത വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കണമെന്നുമുള്ള ആവശ്യമുയർന്നു. ഇത്തരത്തിലുള്ളവരുടെ വിവര ശേഖരണം നടത്തുകയും അതിന് ശേഷം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തൊഴിൽ കണ്ടെത്തുന്നതിനും പരിശീലനത്തിനുംഅവസരം ഒരുക്കുന്നതിനും തീരുമാനമായി. തുടർന്ന് നിരവധിയായ പരാതികൾ ഉയർന്നുവന്നു. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ 22.02.2017–ന് പ്രത്യേക ഊരുകൂട്ടം വിളിക്കുന്നതിനും ഊരുകൂട്ടത്തിൽ പരാതികളുടെ നിജസ്ഥിതി പരിശോദിച്ച് തീരുമാനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമായി.

തുടർന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. സതി കരിമ്പൻ കൃതജ്ഞത ആശംസിച്ചു. 3.30ന് യോഗനടപടികൾ അവസാനിച്ചു.

വിശ്വസ്തതയോടെ,

ജില്ലാ മിഷൻ കോ ഓർഡിനേറ്റർ

കുടുംബശ്രീ,ഇടുക്കി